# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കോളേജ്, പടന്നക്കാട് പി.ഒ**
**കാസറഗോഡ് ജില്ല, പിൻ: 671314, കേരളം**
**ഫോൺ : 91 467 2282699, 91 467 2280616, E-mail: coapad@kau.in**

**നം.ജി2-5279/2024** **തീയതി: 18.11.2024**

## പുന: ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിലെ പ്ലാന്റ് പത്തോളജി വിഭാഗം – സീഡ്സ് ആന്റ് നഴ്സറി റിവോൾവിംഗ് ഫണ്ടിന് കീഴിൽ- പ്രൊഡക്ഷൻ യൂണിറ്റിലേക്ക് 'ബയോകൺട്രോളർ', കൂൺ ഉൽപാദന യൂണിറ്റിലേക്ക് 'സ്കിൽഡ് വർക്കേഴ്സിനെയും' മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം. | ചെയ്യേണ്ടുന്ന ജോലി | അളവ് | പൂർത്തീകരിക്കേണ്ട ഏകദേശ സമയം |
|---|---|---|---|
| 1. | ട്രൈക്കോഡെർമ ടാൽക്ക് അടിസ്ഥാനമാക്കിയുള്ള ഫോർമുലേഷൻ (മീഡിയ തയ്യാറാക്കൽ, ഇനോക്കുലേഷൻ, ഉത്പാദനം, മിശ്രിതം പാക്കേജിംഗ്, ക്ലീനിംങ്, സ്റ്ററിലൈസേഷൻ) | 100 കി.ലോ | 4 ദിവസം |
| 2. | സ്യൂഡോമോണാസ് ടാൽക്ക് അടിസ്ഥാനമാക്കിയുള്ള ഫോർമുലേഷൻ (മീഡിയ തയ്യാറാക്കൽ, ഇനോക്കുലേഷൻ, ഉത്പാദനം, മിശ്രിതം പാക്കേജിംഗ്, ക്ലീനിംങ്, സ്റ്ററിലൈസേഷൻ) | 100 കി.ലോ | 4 ദിവസം |
| 3. | ബ്യൂവേറിയ ടാൽക്ക് അടിസ്ഥാനമാക്കിയുള്ള ഫോർമുലേഷൻ (മീഡിയ തയ്യാറാക്കൽ, ഇനോക്കുലേഷൻ, ഉത്പാദനം, മിശ്രിതം പാക്കേജിംഗ്, ക്ലീനിംങ്, സ്റ്ററിലൈസേഷൻ) | 100 കി.ലോ | 4 ദിവസം |
| 4. | വേർട്ടിസീലിയം ടാൽക്ക് അടിസ്ഥാനമാക്കിയുള്ള ഫോർമുലേഷൻ (മീഡിയ തയ്യാറാക്കൽ, ഇനോക്കുലേഷൻ, ഉത്പാദനം, മിശ്രിതം പാക്കേജിംഗ്, ക്ലീനിംങ്, സ്റ്ററിലൈസേഷൻ) | 100 കി.ലോ | 4 ദിവസം |
| 5. | മെറ്റാറൈസിയം ടാൽക്ക് അടിസ്ഥാനമാക്കിയുള്ള ഫോർമുലേഷൻ (മീഡിയ തയ്യാറാക്കൽ, ഇനോക്കുലേഷൻ, ഉത്പാദനം, മിശ്രിതം പാക്കേജിംഗ്, ക്ലീനിംങ്, സ്റ്ററിലൈസേഷൻ) | 100 കി.ലോ | 4 ദിവസം |
| 6. | ട്രൈക്കോഡെർമയാൽ സമ്പുഷ്ടമാക്കിയ ചാണകം (മിശ്രിതം തയ്യാറാക്കൽ, കൂട്ടിചേർക്കൽ, ദിവസേനമുള്ള മിക്സിംഗ്, പരിപാലനം, പാക്കിംഗ് തുടങ്ങിയവ) | 100 കി.ലോ | 3 ദിവസം |

| | | | |
|---|---|---|---|
| 7. | PGPR മിക്സ് ടാൽക്ക് അടിസ്ഥാനമാക്കിയുള്ള ഫോർമുലേഷൻ (മീഡിയ നിർമ്മാണം, അനുബന്ധ പ്രവർത്തനങ്ങൾ, പാക്കിംഗ്) | 100 കി.ലോ | 4 ദിവസം |
| 8. | VAM (മണ്ണ് അടിസ്ഥാനമാക്കിയുള്ള മീഡിയ തയ്യാറാക്കൽ,ദൈനംദിന നിരീക്ഷണം, പാക്കേജിംഗ്) | 100 കി.ലോ | 3 ദിവസം |
| 9. | Raksha (ഇൻപുട്ട് ശേഖരണം, രക്ഷ തയ്യാറാക്കൽ, പാക്കേജിംഗ്, ക്ലീനിംങ്) | 100 ബോട്ടിൽ | 3 ദിവസം |
| 10. | കൂൺ വിത്ത് ഉൽപ്പാദനം (ധാന്യം അടിസ്ഥാനമാക്കിയുള്ള മീഡിയ തയ്യാറാക്കൽ, ഇനോക്കുലേഷൻ, ഇതിനുള്ള അനുബന്ധ പ്രവർത്തനങ്ങൾ, സ്റ്ററിലൈസേഷൻ) | 650 പായ്ക്ക് | 26 ദിവസം |
| 11. | കൂൺ ഉൽപ്പാദനവും, കൂൺ ബെഡും നിർമ്മിക്കൽ (നിർമ്മാണത്തിനായുള്ള അസംസ്കൃതവസ്തുക്കളെ ലഭ്യമാക്കൽ, സ്റ്ററിലൈസേഷൻ നിർമ്മാണം) | 100 ബെഡ് | 12 ദിവസം |
| 12. | കമ്പോസ്റ്റ് നിർമ്മാണം ( സ്പെന്റ് മഷ്റും കമ്പോസ്റ്റ്, വെർമികമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണം, പാക്കേജിംഗ്, ക്ലീനിംഗ്) | 100 കി.ലോ | 3 ദിവസം |

മേൽപറഞ്ഞ പ്രവർത്തികൾക്കാവശ്യമായ എല്ലാ സാങ്കേതിക ആവശ്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തികൾ നിർമ്മാണത്തിന് വേണ്ടുന്ന എല്ലാ പ്രവർത്തികളും സമയബന്ധിതമായി ചെയ്ത് പ്രവൃത്തി വിജയകരമാക്കേണ്ടതാണ്.

താൽപര്യമുള്ള വ്യക്തികൾ മേൽപ്പറഞ്ഞ ജോലികൾ ചെയ്യുന്നതിനുള്ള ഒരു ദിവസത്തെ നിരക്ക് **എത്ര** എന്ന് ദർഘാസിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എല്ലാ നികുതികളും ഉൾപ്പെടുന്ന നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ദർഘാസുകൾ വെള്ളക്കടലാസിൽ എഴുതി അതിനോടൊപ്പം നിരതദ്രവ്യം, ടെൻഡർ ഫീസ് എന്നിവയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ പണമടച്ച രശീത്, സമ്മതപത്രം (200 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയത്. സമ്മതപത്രത്തിന്റെ മാതൃക വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്) കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് പി.ഒ., കാസറഗോഡ് പിൻ - 671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് **"പ്ലാന്റ് പത്തോളജി വിഭാഗം പ്രൊഡക്ഷൻ യൂണിറ്റിലേക്ക് 'ബയോകൺട്രോളർ' / പടന്നക്കാട് കാർഷിക കോളേജിലെ കൂൺ ഉൽപാദന യൂണിറ്റിലേക്ക് സ്കിൽഡ് വർക്കിനുള്ള ദർഘാസ്"** എന്നെഴുതണം. ദർഘാസിനോടൊപ്പം 4,000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ദർഘാസ് ഉറപ്പിക്കുന്ന കരാറുകാരൻ മൊത്തം തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 29.11.2024-**ന് (വെള്ളിയാഴ്ച) ഉച്ചയ്ക്ക് 2** മണി വരെയാണ്. അന്നു തന്നെ 2.30 മണിക്ക് ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. തൃപ്തികരമായ ജോലിക്കുശേഷം ഇൻവോയ്സ് സമർപ്പിക്കുന്ന മുറയ്ക്ക് തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം ജോലിയിൽ ഏർപ്പെടേണ്ടതാണ്. കരാർ നൽകുന്നതു മുതൽ ഒരു വർഷത്തേക്ക് കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും.

ദർഘാസ് സംബന്ധിച്ച സർക്കാർ / സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ് (ഫോൺ നമ്പർ: 0467 2280616). വിശദാംശങ്ങൾ കെ.എ.യു വെബ്സൈറ്റായ www.kau.edu/tenders-ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ടെൻഡർ ഫീസ് : 800/- രൂപ

ജി.എസ്.ടി : 144/- രൂപ

നിരതദ്രവ്യം : 4,000/- രൂപ

ടെൻഡർ നൽകേണ്ട അവസാന തീയതിയും, സമയവും : 29.11.2024, 2 മണി

ടെൻഡർ തുറക്കുന്ന തീയതിയും, സമയവും : 29.11.2024, 2.30 മണി

<u>ഉപാധികളും, നിബന്ധനകളും:-</u>

1. www.kau.edu/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ടെൻഡറിനൊപ്പം 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
3. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി, (ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

4. കരാറുകാരന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടായാൽ അവരുടെ പേര് പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം ഡീനിൽ നിക്ഷിപ്തമാണ്.
5. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും.
6. ടെൻഡറുമായി ബന്ധപ്പെട്ട എല്ലാവിധ സർക്കാർ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.
7. ഓരോ പ്രവർത്തിയും ചെയ്യേണ്ടത് സ്റ്റേഷനിലെ പ്ലാന്റ് പത്തോളജി ഡിപ്പാർട്ട്മെന്റ് മേധാവിയുടെ വർക്ക് ഓർഡർ അനുസരിച്ചായിരിക്കും.
8. ഓരോ ഉൽപനത്തിന്റെയും ക്വാളിറ്റി രേഖപ്പെടുത്തുന്നതിന് നിശ്ചിത സമയത്തിൽ തന്നെ സാംപിൾ ഡിപ്പാർട്ട്മെന്റിന് നൽകേണ്ടതാണ്.
9. പ്ലാന്റ് പത്തോളജി ഡിപ്പാർട്ട്മെന്റിന്റെ അംഗീകരത്തോടെ മാത്രമേ സ്കിൽഡ് ജോലിക്കാരെ നിയോഗിക്കുകയുള്ളൂ.

ഒപ്പ്/-
ഡോ.ടി സജിതാ റാണി
ഡീൻ

പകർപ്പ്:-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
4. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്
5. കെ.എ.യു വെബ്സൈറ്റ്
6. ഡോ. സൈനമോൾ കുര്യൻ പി., പ്രൊഫസർ & ഹെഡ് (പ്ലാന്റ് പാത്തോളജി)- വർക്ക് കമ്മിറ്റി കൺവീനർ
7. ഡോ.സജീഷ് പി.കെ., അസിസ്റ്റന്റ് പ്രൊഫസർ (പ്ലാന്റ് പാത്തോളജി)
8. എ2 സെക്ഷൻ

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ